പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട്

കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളും തദനുസരണമായ സർക്കാർ ഉത്തരവുകളും പ്രകാരം പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പുറപ്പെടുവിക്കുന്ന പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട്

ഭാഗം -1 പൊതുവിവരങ്ങൾ

1. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് - **പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്**
2. ഉൾപ്പെടുന്ന ജില്ല - മലപ്പുറം
3. ഓഡിറ്റിന് വിധേയമായ കാലയളവ് - 01.04.2025 മുതൽ 31.03.2026 വരെ
4. ഓഡിറ്റ് നടത്തിയ കാലയളവ് - 08.06.2026 മുതൽ **15**.06.2026 വരെ

ഓഡിറ്റ് പരിശോധന നടത്തിയ ഉദ്യോഗസ്ഥൻമാർ

1. ശ്രീ.സലീം ഓടക്കൽ (സെക്ഷൻ ഓഫീസർ)

2. ശ്രീ.അബ്ദുറഹിമാൻ. പി (അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ)

3. ശ്രീ.രഞ്ജിത് കെ.വി (അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ)

ഭാഗം -2 തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിവരങ്ങൾ

1. ബ്ലോക്ക് പഞ്ചായത്തിന്റെ വിസ്തീർണ്ണം ..... - 85.50 ച.കി.മീ
2. ജനസംഖ്യ ..... - 156009
3. വിടുകളുടെ എണ്ണം..... -
4. ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം/വിവരം..... - 4 (തവനൂർ, കാലടി, വട്ടംകുളം, എടപ്പാൾ)
5. ബ്ലോക്ക്പഞ്ചായത്ത് ഡിവിഷനുകളുടെ എണ്ണം..... - 14
6. വനിതാ സംവരണ ഡിവിഷനുകളുടെ എണ്ണം..... - 7
7. പട്ടിക ജാതി സംവരണ ഡിവിഷനുകളുടെ എണ്ണം- 2
8. പട്ടിക വർഗ്ഗ സംവരണ ഡിവിഷനുകളുടെ എണ്ണം-
9. പ്രസിഡന്റ്..... - ശ്രീ. സി. രാമകൃഷ്ണൻ, ശ്രീമതി. ആർ. ഗായത്രി
10. വൈസ് പ്രസിഡന്റ്..... - ശ്രീമതി. ആർ. ഗായത്രി, ശ്രീ.വിമൽ.എ.പി
11. സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
    - (എ) ധനകാര്യം..... - ശ്രീമതി. ആർ. ഗായത്രി, ശ്രീ.വിമൽ.എ.പി
    - (ബി) ക്ഷേമകാര്യം..... - ശ്രീമതി. പ്രേമലത, ശ്രീ.സന്ദീപ് വിജയൻ
    - (സി) വികസന കാര്യം..... - ശ്രീ. ഇ. കെ ദിലീഷ്, ശ്രീമതി.ആസിയ പറക്കുഴിയിൽ
    - (ഡി) ആരോഗ്യം, വിദ്യാഭ്യാസം ..... - ശ്രീ.എൻ. ആർ. അനീഷ്, ശ്രീമതി.പത്മജ.ടി
12. സെക്രട്ടറി..... - ശ്രീ.ലിജുമോൻ, ശ്രീമതി.മഞ്ജുഷ.കെ.എസ്

13. സെക്രട്ടറി ഉൾപ്പെടെ ജീവനക്കാരുടെ ആകെഎണ്ണം- 27

സ്ഥിരം ..... - 22

കരാറടിസ്ഥാനത്തിൽ ..... - 4

താല്ക്കാലികം ..... - 1

ഭാഗം -3 വരവ് ചെലവുകൾ

പട്ടിക - 2 (എ)				
വികസന ഫണ്ട് (2025–2026) (തുക രൂപയിൽ)				
ഇനം	**ജനറൽ**	**എസ്.സി.പി**	**ടി.എസ്.പി**	**ആകെ**
മുൻ ബാക്കി	0	0	0	0
2025-26 ലെ വിഹിതം	14860600	10939400		
ആകെ	14860600	10939400		
2025-26 ലെ ചെലവ്	14844017	10916620		
നീക്കിയിരിപ്പ്				

പട്ടിക - 2 (ബി) - (2025 – 2026) (തുക രൂപയിൽ)			
	മെയിന്റനൻസ് ഫണ്ട്	**ബി.പി.എഫ്.എ-1 (ജി.പി.ജി ഉൾപ്പെടെ)**	**ബി.പി.എഫ്.എ-1ൽ ഉൾപ്പെട്ട ജി.പി.ജി യുടെ കണക്ക്**
മുൻ ബാക്കി	0	0	
2025-26 ലെ വിഹിതം	1,77,07,000	73,89,000	73,89,000
ആകെ	1,77,07,000	1,71,28,198 (റിഡംഷൻ)	73,89,000
2025-26 ലെ ചെലവ്	89,64,188	1,71,28,198 (റിഡംഷൻ)	73,89,000
നീക്കിയിരിപ്പ്	0	0	0

പട്ടിക - 2 (സി) - (2025–26)

ബ്ലോക്ക് പഞ്ചായത്തിലെ നിലവിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ

ക്രമ നമ്പർ	ബാങ്കിന്റെ പേര് അക്കൗണ്ട് നമ്പർ	ഫണ്ടിന്റെ പേര്	2026 മാർച്ച് 31 ലെ നീക്കിയിരിപ്പ് (തുക രൂപയിൽ)
1	എസ്.റ്റി ചങ്ങരംകുളം 7990130000000332	LGTSB	0
2	കേരള ഗ്രാമീൺ ബാങ്ക് എടപ്പാൾ 40287100101638	TSC & Micellaneous	11,91,310
3	ഇന്ത്യൻ ബാങ്ക് എടപ്പാൾ 50427000527	GST	3,57,374
4	ഇന്ത്യൻ ബാങ്ക് 7129531174	Health Grant	31,99,022
5	എച്ച്.ഡി.എഫ്.സി എടപ്പാൾ 50100412006512	CFC	1,26,24,865
6	എസ്.ബി.ഐ 30346698247	MGNREGS	7,018
7	ഇന്ത്യൻ ബാങ്ക് ഹോൾഡിംഗ് 087	Holding	105
		TOTAL	**1,73,79,694**

പട്ടിക - 2 (ഡി) - (2025 - 2026)

ക്യാഷ് ഇൻ ഹാൻഡ്	- 0
സബ്സിഡയറി ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്	- 0
മുകളിൽ പ്രസ്താവിക്കാത്ത മറ്റുതരത്തിലുള്ള നീക്കിയിരിപ്പുകൾ (വിശദ വിവരം സഹിതം)	- 0

പട്ടിക - III						
മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ മേൽ തുടർ നടപടി						
മുൻ പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ടിന്റെ തിയ്യതി	റിപ്പോർട്ട് ഭരണ സമിതി യോഗത്തിൽ ചർച്ച ചെയ്ത തിയ്യതി	മറുപടി സമർപ്പിച്ച തിയ്യതി	പരിഹരിക്കാൻ ബാക്കിയുള്ള അപാകതകൾ / ക്രമക്കേടുകൾ	സ്റ്റേറ്റ് ഓഡിറ്റിൽ തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകൾ വർഷം തിരിച്ച്		അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ തീർപ്പു കൽപിക്കാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ /വർഷം തിരിച്ച്
28/05/2025		06/06/2026	2024-25=11	95-96 മുതൽ 97 - 98	12	1997-98 to 2003-04 = 1 2011-12 to 2016-17 = 2
			2023-2024=8	1998 - 99	6	
			2022-23=7	1999 - 2000	12	
			2021-22=2	2000 - 2001	3	
			2018-19=1	2001 - 2002	7	
			2017-18=1	2003 - 04	1	
				2005 - 06	2	
				2006 - 07	2	
				2007 - 08	3	
				2010 - 11	6	
				2011 - 12 & 2012 - 13	4	
				2013 - 14	3	
				2014 - 15	4	
				2015 - 16	6	
				2016 - 17	6	
				2017 - 18	9	
				2018 - 19	6	
				2019 - 20	5	
				2020 - 21	6	
				2021 - 22	13	
				2022 - 23	10	
				2023 - 24	17	
				2024 - 25		

ഭാഗം (IV) 1. ഗുരുതര ക്രമക്കേടുകൾ – ശ്രദ്ധയിൽ പെട്ടിട്ടില്ല

ഭാഗം (IV) 2. മറ്റു അപാകതകൾ

1. എംപി , എംഎൽഎ പ്രവർത്തികളിൽ അപാകത സംബന്ധിച്ച്.

എ. പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ള എം പി എംഎൽഎ പ്രവർത്തികളിൽ സൈറ്റ് പരിശോധനയിൽ വലിയതോതിൽ വയലുകളിൽ കൂടി റോഡുകൾ നിർമ്മിച്ചതായി കാണാൻ കഴിഞ്ഞു. എന്നാൽ ടി പദ്ധതികളിൽ ഒന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥയായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയത് തണ്ണീർത്തട സംരക്ഷണ നിയമം പരിധിയിൽ വരുന്നതാണോ എന്ന് പരിശോധിച്ചു ഉറപ്പ് വരുത്തിയതായി കാണുന്നില്ല. മേലിൽ ഇത്തരത്തിൽ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ആയത് ഉറപ്പുവരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയാണെന്ന് ഓർമിപ്പിക്കുന്നു.

ബി. എംപി ലാഡ് പദ്ധതിയിൽ ഏറ്റെടുത്ത പോത്തന്നൂർ പുതിയപാറ റോഡ് എന്ന റോഡ് ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ കാണിച്ചിരിക്കുന്ന നീളത്തിനപ്പുറത്താണ് ചെയ്തിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ആയത് പരിശോധിക്കേണ്ടതും റോഡ് ഗ്രാമപഞ്ചായത്ത് ആസ്തിയിൽ വന്നു എന്ന് ഉറപ്പുവരുത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

2.. മരാമത്ത് പ്രവർത്തികളിലെ മറ്റ് അപാകതകൾ സംബന്ധിച്ച്.

പൊതുമരാമത്ത് പ്രവർത്തി ഫയലുകൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

എ. ഹാപ്പിനസ് സെൻറർ ആൻഡ് ഓപ്പൺ ഓഡിറ്റോറിയം എന്ന പദ്ധതിക്കായി പാർട്ട് ബിൽ നൽകിയതായി കാണുന്നു എന്നാൽ ആയതിൽ റിട്ടെൻഷൻ തുക പിടിച്ചിട്ടില്ല. ഫൈനൽ ബിൽ നൽകുമ്പോൾ ആയത് ശ്രദ്ധിക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

ബി. പല മരാമത്ത് പ്രവർത്തികളിലും പ്രവർത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ബോർഡ് സ്ഥാപിച്ചതായി കണ്ടില്ല.

സി. ഫയലുകളിൽ കരാറുകാരുമായുള്ള വ്യവസ്ഥകൾ പൂർണമായും ഉൾപ്പെടുത്തി പൂരിപ്പിച്ച് പൂർണ്ണമാക്കി വെച്ചതായി കാണാൻ കഴിഞ്ഞില്ല.

ഡി. പല പ്രവർത്തി ഫയലുകളിലും മോണിറ്ററിംഗ് റിപ്പോർട്ട്, പ്രവർത്തിയുടെ മുൻപിൽ ഫോട്ടോകൾ എന്നിവ ലഭ്യമല്ല.

ഇ. പല പദ്ധതികൾക്കും സമയം നീട്ടി നൽകിയതായി കാണുന്നു. എന്നാൽ ആയതിന്റെ കൃത്യമായ കാരണം പലപ്പോഴും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങൾ തന്നെ പലതും അംഗീകരിക്കാവുന്നതായിരുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മേലിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. **ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അടിയന്തിരമായി വൃദ്ധമന്ദിരത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടത് സംബന്ധിച്ച്.**

ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന വൃദ്ധമന്ദിരത്തിൽ താഴെപ്പറയുന്ന മേഖലകളിൽ അടിയന്തിര ശ്രദ്ധ പുലർത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

എ. 2014-2016 വർഷങ്ങളിലായി 16,05,144 രൂപ ചെലവഴിച്ച് പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ വൃദ്ധമന്ദിരത്തിലെ മലിനജല ശുദ്ധീകരണ പ്ലാന്റ് നിലവിൽ നോക്കുകുത്തിയായി കൊതുക് വളർന്നതിന് സാഹചര്യമൊരുക്കുന്ന തരത്തിൽ ഉപയോഗശൂന്യമായി കിടക്കുന്നു. ആയത് ഉപയുക്തമാക്കുന്നതിന് നടപടികൾ ആവശ്യമാണ്.

ബി. വൃദ്ധമന്ദിര കെട്ടിടത്തിനു മുകളിൽ സോളാർ വാട്ടർ ഹീറ്ററുകൾ വലിയതോതിൽ കേടായി കിടക്കുന്നതായി കാണാൻ കഴിഞ്ഞു ആയത് പഠനവിധേയമാക്കി ഉപയുക്തമാക്കേണ്ടതാണ്.

സി. വൃദ്ധ മന്ദിരത്തിന് മുകളിൽ വലിയ തോതിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ഗുണം സ്ഥാപനത്തിന് ലഭിക്കുന്നില്ല. കരാർ പരിശോധിച്ച് സ്ഥാപനത്തിന് ഗുണപരമായ വിധത്തിലാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി. വൃദ്ധമന്ദിരത്തിന്റെ കോമ്പൌണ്ടിലുള്ള ബാത്ത് റൂം നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്നു. ആയത് ഉപയുക്തമാക്കുന്നതിന് നടപടികൾ ആവശ്യമാണ്.

ഇ. വൃദ്ധമന്ദിരത്തിന്റെ മുഖ്യമന്ദിരത്തിനോട് ചേർന്ന് 2019-2020 വർഷത്തിൽ 10,39,000 രൂപ ചെലവഴിച്ച് പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ വൃദ്ധമന്ദിരം കോമ്പൌണ്ടിലെ ജറിയാടിക് പാർക്ക് എന്ന പദ്ധതി നിലവിൽ ഉപയോഗിക്കാനാവാത്ത വിധം ഷീറ്റുകൾ അടക്കം കീറി ഉപയോഗശൂന്യമായി കിടക്കുന്നു. ആയത് ഉപയുക്തമാക്കുന്നതിന് നടപടികൾ ആവശ്യമാണ്.

എഫ്. വൃദ്ധമന്ദിരത്തിൽ മുൻ വർഷങ്ങളിൽ കുഴൽ കിണർ നിർമ്മിച്ചിട്ടുണ്ടെങ്കിലും ആയത് നിലവിലും ഉപയുക്തമാക്കുന്നതിന് കഴിഞ്ഞിട്ടില്ല തുടർനടപടികൾ ആവശ്യമാണ്. വൃദ്ധമന്ദിരത്തിലെ വെള്ളത്തിന്റെ ആവശ്യത്തിന് വേണ്ടി എല്ലാ മാസവും വലിയ തുക ചെലവഴിക്കേണ്ടി വരുന്നുണ്ട്. കുഴൽ കിണറിലെ വെള്ളം പരിശോധന നടത്തി അനുയോജ്യമായ തരത്തിലുള്ള വാട്ടർ ഫിൽറ്റർ വെച്ച് കുഴൽകിണർ ഉപയോഗപ്പെടുത്താവുന്നതാണ്.

ജി. കൂടിവെള്ള പ്രശ്ന പരിഹാരത്തിനായി ഒരു ഓപ്പൺ കിണർ വൃദ്ധ മന്ദിരത്തിന്റെ സമുച്ചയത്തിലോ അതല്ലെങ്കിൽ ജലം ലഭ്യമാകുന്ന തൊട്ടടുത്ത പ്രദേശത്തോ സ്ഥാപിച്ച്

ആയതിൽ നിന്ന് ജലം മഹിളാ മന്ദിരത്തിലേക്കും വൃദ്ധ മന്ദിരത്തിലേക്കും എത്തിക്കുന്നതിന് പദ്ധതികൾ ആവശ്യമാണ്.

എച്ച്. വെള്ളക്ഷാമം പരിഹരിക്കുന്നതിനായി വൃദ്ധമന്ദിരത്തിലും മഹിളാ മന്ദിരത്തിലും റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് സാധ്യതകൾ പരിശോധിച്ച് പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.

മേൽ പരാമർശങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് ഉചിതം ആയിരിക്കുമെന്ന് ഓർമിപ്പിക്കുന്നു. നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4) **പ്രൊജക്ട് നമ്പർ 77/ 2026 പൊതു സ്ഥലത്ത് ഓപ്പൺ ജിം**

പൊതു സ്ഥലത്ത് ഓപ്പൺ ജിം സ്ഥാപിക്കുക വഴി ജനങ്ങൾക്ക് അവരുടെ ആരോഗ്യം പരിപാലിക്കുന്നതിനും ജീവിത ശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്. 6,69,000/- രൂപ അടങ്കൽ വെച്ച ടി പദ്ധതിക്ക് 6,39,092 രൂപ ചെലവഴിച്ച് ജെം മുഖേന ഉപകരണങ്ങൾ വാങ്ങി എടപ്പാൾ ഗ്രാമ പഞ്ചായത്തിലെ അയിലക്കാട് സ്ഥാപിച്ചു.

എ) ജിം ഉപകരണങ്ങൾ തുടർ പരിപാലനം നടത്തുന്നതിന് ഒരു ഗുണഭോക്തൃ സമിതി രൂപീകരിക്കേണ്ടതും തുടർ പരിപാലനം ആ സമിതിയെ ഏൽപ്പിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ബി) ജിം ഉപകരണങ്ങൾ എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

സി) പദ്ധതിയുടെ പേര്,പദ്ധതിക്ക് ചെലവഴിച്ച തുക, പദ്ധതി നടപ്പാക്കിയ സാമ്പത്തിക വർഷം , ഫണ്ടിന്റെ ഇനം എന്നിവ കാണിക്കുന്ന ഒരു ബോർഡ് പദ്ധതി സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്.

5. ബ്ലോക്ക് പഞ്ചായത്ത് തല ഓഡിറ്റ് മോണിറ്ററിംഗ് സമിതി പ്രവർത്തിക്കാത്തത് സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് മോണിറ്ററിംഗ് സമിതി നിലവിൽ പ്രവർത്തിക്കുന്നതായോ മിനിറ്റ്സ് സൂക്ഷിക്കുന്നതായോ കാണുന്നില്ല. മാസത്തിൽ ഒരു തവണ നിർബന്ധമായും വൈസ് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് മോണിറ്ററിങ് സമിതി ചേരേണ്ടതും നിർവഹണ ഉദ്യോഗസ്ഥരെ പൂർണ്ണമായും പങ്കെടുപ്പിച്ച് മുൻ വർഷങ്ങളിലുള്ള ഓഡിറ്റ് ഖണ്ഡികകൾക്ക് മറുപടി നൽകുന്നതിന് ശ്രമം നടത്തേണ്ടതുമാണ്. ഓഡിറ്റ് മോണിറ്ററിംഗ് സമിതിയിൽ നിലവിൽ ഏറ്റെടുക്കപ്പെട്ട പദ്ധതികളുടെ വിശകലനം നടത്തേണ്ടതും ഓഡിറ്റ് തലത്തിൽ ഭാവിയിൽ അപാകത വരാതിരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

6..ബ്ലോക്ക് പഞ്ചായത്ത് സ്റ്റിയറിങ് കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്ത് സ്റ്റിയറിങ് കമ്മിറ്റി സമയബന്ധിതമായി യോഗം ചേരുന്നതായി കാണുന്നില്ല. സ്റ്റിയറിങ് കമ്മിറ്റിയുടെ പ്രവർത്തനം ദുർബലമാണെന്ന് കാണുന്നു. വല്ലപ്പോഴുമായി ചേരുന്ന യോഗത്തിന്റെ മിനുട്സ് പരിശോധനയിൽ അജണ്ടയായി സ്റ്റാൻഡിങ് കമ്മിറ്റികളുടെ പ്രവർത്തനം വരുന്നതായോ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതായോ ഏകോപിപ്പിക്കുന്നതായോ കാണാൻ കഴിഞ്ഞില്ല. സ്റ്റിയറിങ് കമ്മിറ്റി പ്രധാന ചുമതലയിൽ നിന്ന് വ്യതിചലിച്ച് ജനകീയസൂത്രണം പോലുള്ള കൃത്യമായ സംവിധാനത്തിലൂടെ രൂപപ്പെട്ട് നടപ്പിലാക്കപ്പെടേണ്ട അജണ്ടകളിലേക്ക് നീങ്ങുന്നത് ആശാവഹമല്ല. സ്റ്റിയറിങ് കമ്മിറ്റിയുടെ പ്രവർത്തനം ശക്തമാക്കുന്നതിന് കൃത്യമായ നടപടികൾ സ്വീകരിച്ച റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. ബ്ലോക്ക് പഞ്ചായത്ത് ഗ്രാമസഭ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടത് സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്ത് ഗ്രാമസഭയുടെ പ്രവർത്തനം ദുർബലമാണെന്ന് കാണുന്നു. ഗ്രാമസഭയിൽ പങ്കെടുക്കേണ്ട ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവർ കാര്യമായി പങ്കെടുത്തിട്ടില്ല. ഹാജർ രജിസ്റ്ററിൽ ആയത് കാണാൻ കഴിഞ്ഞില്ല. ഗ്രാമസഭയിലെ ചർച്ചകളും മിനുട്സ് സൂക്ഷിപ്പും മികച്ചത് ആയിരുന്നില്ല. മേലിൽ ഗ്രാമസഭയുടെ പ്രവർത്തനം കുറ്റമറ്റതാക്കി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി രൂപീകരണം മികവുറ്റതാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. കരാർ വൈകിയതിന് പിഴ ഈടാക്കാത്തത് സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്ത് മരാമത്ത് വിഭാഗം ഏറ്റെടുത്ത് നടപ്പിലാക്കിയ ഓൾഡേജ് ഹോം മെയിൻറനൻസ് എന്ന പദ്ധതിയിൽ എഗ്രിമെൻറ് വച്ചതായി കാണുന്നത് 25/03/2025 നാണ്. എന്നാൽ ഈ പദ്ധതിക്കായി ലെറ്റർ ഓഫ് ആക്സെപ്റ്റൻസ് നൽകിയിട്ടുള്ള തീയതി 20/02/2025 നാണ്. 14 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ കരാർ വെക്കണം എന്നാണ് നിഷ്കർഷിച്ചിരുന്നത് എങ്കിലും ആയതിലും വളരെ വൈകിയാണ് കരാറിൽ ഏർപ്പെട്ടതായി കാണുന്നത് ഈ ഇനത്തിൽ 14,910/- (പതിനാലായിരത്തിതൊള്ളായിരത്തി പത്ത് രൂപ) പിഴയായി ഈടാക്കേണ്ടതായിരുന്നു എങ്കിലും ആയത് ഈടാക്കിയതായി കാണുന്നില്ല. തുകയീടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9. വൃദ്ധ മന്ദിരത്തിലെ അറ്റകുറ്റപണികൾ അപാകതകൾ സംബന്ധിച്ച്.

മെയിന്റനൻസ് ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ കൃത്യമായ മോണിറ്ററിങ്ങിന്റെ അഭാവത്തിൽ കാര്യമാത്രമായ അപാകതകൾ സംഭവിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

എ) വൃദ്ധസദനത്തിൽ അലക്കു കല്ല് നിർമ്മിച്ചിട്ടുണ്ടെങ്കിലും ആയത് നിലവിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല വലിയതോതിൽ വെള്ളം കെട്ടി നിൽക്കുന്നതിനാൽ കൊതുകുകൾ വളരുന്നതിന് ആയത് കാരണമാകുന്നു.

ബി) അലക്കു കല്ലിനോട് ചേർന്ന് നിർമ്മിച്ചിരിക്കുന്ന ബേസിനിൽ വെള്ളം പുറത്തു പോകുന്നതിന് യാതൊരു തരത്തിലുള്ള സാഹചര്യവും ഒരുക്കിയിട്ടില്ല ആയതിനാൽ നിലവിലും ആയത് പ്രയോജനപ്പെടുത്താതെ നിൽക്കുന്നതായി കാണാൻ കഴിഞ്ഞു.

സി) വൃദ്ധ മന്ദിരത്തിന്റെ പുറകു ഭാഗത്തായി മുറ്റത്ത് ഇന്റർലോക്ക് ടൈലുകൾ പാകിയിട്ടുണ്ട്. എന്നാൽ ആയത് വ്യത്യസ്ത നിറങ്ങളിൽ വ്യത്യസ്ത തരത്തിലുള്ളതാണ്. ഏത് അടിസ്ഥാനത്തിലാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കാനാവുന്നില്ല.

ഖണ്ഡിക (എ,ബി,സി) അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

10) പ്രൊജക്ട് നമ്പർ 30/ 2026 കേരളോത്സവം

2025-26 സാമ്പത്തിക വർഷത്തെ കേരളോത്സവം നടത്തിപ്പിനായി 2.50 ലക്ഷം രൂപ വകയിരുത്തി 1,44,607 രൂപ ചെലവഴിച്ചു. പദ്ധതിയുടെ ഭാഗമായി വിവിധ ആവശ്യങ്ങൾക്ക് തുക ചെലവഴിക്കുമ്പോൾ 1000 രൂപയ്ക്ക് മുകളിലുള്ള തുകകൾ ഗുണഭോക്താക്കൾക്ക് അക്കൗണ്ട് മുഖേന നൽകേണ്ടതാണ്.

11) കെ - സ്മാർട്ട് അക്കൗണ്ട്സ് & ഫയൽ സൂക്ഷിപ്പ് സംബന്ധിച്ച് .

കെസ്മാർട്ട് ഫിനാൻസ്, ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സിസ്റ്റം എന്നീ മൊഡ്യൂളുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ .

എ) 2025-26 സാമ്പത്തിക വർഷത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വികസന ഫണ്ട് ജനറൽ എന്ന ഹെഡിൽ ക്ലോസിംഗ് ബാലൻസ് നെഗറ്റീവ് ഫിഗറായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) 2025-26 സാമ്പത്തിക വർഷത്തിൽ ഹെഡ് കോഡ് 3502018 ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 4,09,078/- രൂപയും ഹെഡ് കോഡ് 3502028 റിക്കവറീസ് അദർ പേയബിൾ ഇനത്തിൽ ലഭിച്ച 1,370/- രൂപയും ഹെഡ് കോഡ് 3502043 തൊഴിൽ നികുതി ഇനത്തിൽ 1,250/- രൂപയും ഹെഡ് കോഡ് 3109002 സസ്പെൻസ് അക്കൗണ്ടിൽ 4,200/- രൂപയും ക്രമീകരിക്കാതെ വിവിധ ഹെഡുകളിൽ തുക ബാക്കി നിൽക്കുന്നുണ്ട്. ടി തുകകൾ ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സി) കെ സ്മാർട്ടിൽ ലഭ്യമായ ചെക്ക് ഇഷ്യു രജിസ്റ്ററിൽ നിലവിൽ ചെക്ക് ക്ലിയറൻസ് ഡേറ്റ് രേഖപ്പെടുത്തുന്നില്ല. ആയത് രേഖപ്പെടുത്തി ഫയൽ സമ്പൂർണ്ണമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡി) മുഴുവൻ ഫയലുകളിലും വ്യക്തമായ കുറിപ്പ് ഫയൽ രേഖപ്പെടുത്തേണ്ടതാണ്.

ഇ) Rent from Building (1302003) എന്ന ഹെഡിൽ 2026-27 സാമ്പത്തിക വർഷത്തിലെ ഡിമാന്റ് തുക 1/4/2026 ൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തേണ്ടതാണ്.

എഫ്) നിലവിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും വ്യവസായ വികസന ഓഫീസിലും മാത്രമാണ് കെ സ്മാർട്ട് പരിപൂർണ്ണമായി ഉപയോഗപ്പെടുത്തുന്നുള്ളു. ബാക്കി ഘടക സ്ഥാപനങ്ങൾ claim generation ഉം fund authorisation ഉം മാത്രമാണ് കെ സ്മാർട്ട് സംവിധാനം

ഉപയോഗപ്പെടുത്തുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ഘടക സ്ഥാപനങ്ങളിലും കെ സ്മാർട്ട് സമ്പൂർണ്ണ തലത്തിൽ ഉപയോഗപ്പെടുത്തുന്നതിന് നിർദ്ദേശം നൽകേണ്ടതും ഘടക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്.

12) വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ / ഫയൽ സംബന്ധിച്ച്

10 ലക്ഷം വിഭാവനം ചെയ്ത് 375,000 രൂപ മാത്രമാണ് 2025-2026 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുവാൻ സാധിച്ചത്. ഒരു യൂണിറ്റിന് മാത്രമാണ് ധനസഹായം നൽകിയിട്ടുള്ളൂ. ഓഡിറ്റിന്റെ ഫീൽഡ് പരിശോധനയുടെ ഭാഗമായി അയങ്കലത്തുള്ള ടൻഡിക് എന്ന സ്ഥാപനം ഓഡിറ്റ് ടീം സന്ദർശിച്ചിരുന്നു. സ്ഥാപനം നല്ല രീതിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആയതിന് നിർദ്ദേശം നൽകേണ്ടതും ആവശ്യമെങ്കിൽ പരിശീലനം നൽകേണ്ടതുമാണ്.

2026-27 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 20 ലക്ഷം രൂപ വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതിക്കായി യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും സംരംഭകരെ വളർത്തികൊണ്ടുവരുന്നതിനും ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോജിച്ച ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

13) പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ/ഫയൽ സംബന്ധിച്ച്

എ) വിവാഹ ധനസഹായം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ എന്ന പദ്ധതിയിൽ (പ്രൊജക്ട് 138) **10** ലക്ഷം രൂപ അടങ്കൽ വെയ്ക്കുകയും **3** ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് **139** മിശ്രവിവാഹം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ എന്ന പദ്ധതിയിൽ **12** ലക്ഷം രൂപ അടങ്കൽ വെച്ചിരുന്നുവെങ്കിലും ആയതിൽ തുക ചെലവഴിച്ചിട്ടില്ല.

സബ്സിഡി മാർഗരേഖ പ്രകാരം എസ്.സി വിവാഹ ധനസഹായ പദ്ധതിയും മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയും ഏറ്റെടുക്കാൻ കഴിയുന്നത് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമാണ്.

വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം എന്നീ പ്രൊജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പുറമെ പട്ടികജാതി / പട്ടികവർഗ വികസന വകുപ്പുകളും നടപ്പിലാക്കി വരുന്നുണ്ട്. ടി വകുപ്പുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയാത്തതിനാൽ അപേക്ഷിച്ചവർക്കെല്ലാം ധനസഹായം നൽകാൻ കഴിയാതെ വന്ന സാഹചര്യത്തിൽ പട്ടികജാതി / പട്ടികവർഗ വികസന വകുപ്പുകളുടെ വിഹിതം ഉപയോഗിച്ച് നൽകാൻ കഴിയുന്ന പരമാവധി ധനസഹായം നൽകിയതിനുശേഷം ഇത്തരത്തിൽ വകുപ്പുകളിൽ കുടിശ്ശികയുള്ള അപേക്ഷകർക്ക് ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും അവയുടെ 2025-2026 വാർഷിക പദ്ധതിയുടെ ഭാഗമായി ധനസഹായം നൽകി തീർപ്പാക്കണമെന്ന് 23/09/2025 തീയതിയിലെ സ.ഉ(കൈ) നമ്പർ 168/2025/**LSGD** പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം എന്നീ പ്രൊജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും വിഹിതം നൽകാവുന്നതാണ്. എന്നാൽ മുൻഗണനാപട്ടികയുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ 2025-2026 വാർഷിക പദ്ധതിയുടെ ഭാഗമായി തന്നെ തീർപ്പാക്കണമെന്നതാണ് സർക്കാർ ഉത്തരവ്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ബി) പ്രൊജക്ട് നമ്പർ **116** വാദ്യോപകരണങ്ങൾ നൽകൽ എന്ന ഫയലടക്കം ക്രമപ്രകാരം പേജ് നമ്പറിട്ട് സൂക്ഷിക്കേണ്ടതും മേണിറ്ററിംഗ് റിപ്പോർട്ട് അടക്കം ഉൾക്കൊള്ളിച്ച് ഫയൽ സമ്പൂർണ്ണമാക്കേണ്ടതുമാണ്.

14). അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ/ഫയൽ സംബന്ധിച്ച്

എ) പ്രൊജക്ട് നമ്പർ 43/25 പ്രകാരം 6,65,345 രൂപ ചെലവഴിച്ച് കാർഷിക പ്രദർശന വിപണന മേള നടത്തി. ഫയൽ സമ്പൂർണ്ണമാക്കേണ്ടതുണ്ട്. 1000 രൂപയ്ക്ക് മുകളിലുള്ള തുക ബാങ്ക് അക്കൌണ്ട് വഴി നൽകേണ്ടതാണ്.

ബി) 08/09/2025 തീയതിയിൽ സൈറ്റ് ലൈറ്റ് ആന്റ് സൌണ്ട് എന്ന സ്ഥാപനത്തിന് 21,000 രൂപ ഡീസൽ എക്സ്പെൻസ് എന്ന ഇനത്തിൽ നൽകി. എത്ര ലിറ്ററാണ് ഡീസൽ വാങ്ങിയത്

എന്ന് ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ബില്ലുകൾ കൃത്യമായി പരിശോധിച്ചതിന് ശേഷം മാത്രമെ തുക അനുവദിക്കാവൂ.

സി) സ്റ്റാർ സൌണ്ട്സ് എന്ന സ്ഥാപനത്തിന് 40,000 രൂപ സൌണ്ട് സിസ്റ്റത്തിനായി നൽകിയിട്ടുണ്ട്. സൌണ്ട് സിസ്റ്റം ഒരുക്കുന്നതിനായി സൈറ്റ് ഇവന്റ് മീഡിയക്ക് 4,78,000 രൂപയ്ക്ക് ടെണ്ടർ നൽകിയിട്ടുളള സാഹചര്യത്തിൽ സ്റ്റാർ സൌണ്ട്സിന് തുക നൽകിയ സാഹചര്യം ഫയലിൽ പരാമർശിച്ചിട്ടില്ല. ഫയൽ സമ്പൂർണ്ണമാക്കേണ്ടതും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

ഡി) പ്രൊജക്ട് രജിസ്റ്റർ അപൂർണ്ണമാണ്. തുക മാത്രമെ രേഖപ്പെടുത്തുന്നുള്ളൂ. സമ്പൂർണ്ണമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

15). മെഡിക്കൽ ഓഫീസർ, സി.എച്ച്.സി (തൃക്കണാപുരം) നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ/ഫയൽ സംബന്ധിച്ച്

എ) പ്രൊജക്ട് 65 അരുണിമ പദ്ധതി- വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക് 98,868 രൂപ ചെലവഴിച്ച് HB ടെസ്റ്റ് ചെയ്യുന്നതിന് സാധനങ്ങൾ കെ.എം.സി.എല്ലിൽ നിന്ന് വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. സാധനങ്ങൾ ലഭ്യമായോ വിതരണം ചെയ്തോ എന്ന വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഫയൽ സമ്പൂർണ്ണമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) പ്രൊജക്ട് നമ്പർ 64 എടപ്പാൾ **സി.എച്ച്.സി കമ്മ്യൂണിറ്റി ബേസ്ഡ് ഇന്റർവെൻഷൻ സെന്റർ**

26-07-2023 തീയതിയിലെ സ.ഉ(ആർ.ടി)1523-2023-തസ്വഭവ ഉത്തരവ് പ്രകാരം ആവർത്തന ചെലവ് വരുത്തുന്ന രീതിയിലുളള പദ്ധതികൾ സർക്കാർ അനുമതി ഇല്ലാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ല എന്ന് വ്യക്തത വരുത്തിയിട്ടുളളതാണ്. സർക്കാരിൽ നിന്നും തസ്തിക അനുവദിച്ച് കിട്ടാത്ത തസ്തികകളിലേക്ക് താൽക്കാലിക നിയമനം നടത്തി തുക അനുവദിക്കുവാൻ കഴിയുകയില്ല. ബഡ്സ് സ്കൂളുകളിലെയും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലെയും ജീവനക്കാർക്ക് ഹോണറേറിയം സ്ഥാപനത്തിന്റെ ചുമതലയുളള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകാമെന്ന് സബ്സിഡി മാർഗരേഖ 7.1.8, 7.1.9 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ബഡ്സ് സ്കൂളുകളുടെയും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെയും നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ വരുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ അല്ലാത്ത മേഖലയിൽ തുക ചെലവഴിക്കുന്നതിന്

പ്രത്യേക അനുമതി വേണമെന്നതിനാൽ ഇക്കാര്യത്തിൽ സർക്കാറിൽ നിന്നും പ്രത്യേക അനുമതി വാങ്ങുന്നത് ഉചിതമായേക്കും എന്ന് അഭിപ്രായപ്പെടുന്നു.

ഭാഗം (V) : ഓഡിറ്റ് വേളയിൽ കണ്ടെത്തിയതും അപ്പോൾ തന്നെ പരിഹരിച്ചതുമായ അപാകതകൾ : ഇല്ല

ഭാഗം (VI) : ഓഡിറ്റിന് ഹാജരാക്കാതിരുന്ന രേഖകൾ : ഇല്ല

ഭാഗം (VII) : പ്രത്യേകം പരാമർശമർഹിക്കുന്ന മികച്ച പ്രവർത്തനങ്ങൾ : ഇല്ല

ജില്ലാ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
മലപ്പുറം